## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1579 — 04.12. 2015-ൽ മറുപടിക്ക്

# നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കുടുംബങ്ങൾക്ക് നഗരവികസന പദ്ധതി പ്രകാരം ഭവനങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് ; | (എ) ബിഎസ്‌യുപി പദ്ധതി പ്രകാരം 6468 പുതിയ വീടുകളും ഐഎച്ച്എസ്ഡിപി പദ്ധതി പ്രകാരം 3758 പുതിയ വീടുകളും ആയി 10226 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മിച്ചു നൽകി യിട്ടുണ്ട്. |
| (ബി) എത്ര കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) 480-ഓളം ചേരികളിൽ ബിഎസ്‌യുപി, ഐഎച്ച്എസ്ഡിപി പദ്ധതികൾ പ്രകാരം അടിസ്ഥാന സൗകര്യ വികസന സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിലായി കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ച് കോളനികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കുടിവെള്ള പദ്ധതികൾ, ഓട നിർമ്മാണം, നടപ്പാത നിർമ്മാണം, അംഗൻവാടികളുടെ നിർമ്മാണം, പബ്ലിക് ടോയിലറ്റുകളുടെ നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ, മഴവെള്ള സംഭരണികൾ തുടങ്ങിയ വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. |

തിരുവനന്തപുരം കോർപ്പറേഷനിൽ 74 കോളനികളിലായി വിവിധ പ്രവൃത്തികളും,കൊല്ലം കോർപ്പറേഷനിൽ 47 കോളനികളിലായി 57 പദ്ധതികളും , കൊച്ചി കോർപ്പറേഷനിൽ 28 കോളനികളിലും, തൃശ്ശൂർ കോർപ്പറേഷനിൽ 66 കോളനികളിലും , കോഴിക്കോട് കോർപ്പറേഷനിൽ 40 കോളനികളിലും അടിസ്ഥാന സൗകര്യവികസനത്തിനായി വിവിധ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളുടെ പണി നടന്നു കൊണ്ടിരിക്കുന്നു; അവ എന്നത്തേയ്ക്ക് പൂർത്തിയാവും; വിശദമാക്കുമോ;

(സി) ബിഎസ്‌യുപി പദ്ധതിയിൽ 2504 പുതിയ വീടുകളുടെയും ഐഎച്ച്എസ്ഡിപി പദ്ധതിയിൽ 1750 പുതിയ വീടുകളുടെയും പണി പുരോഗമിക്കുന്നു. വ്യക്തിഗത ഭവനങ്ങൾ എല്ലാം തന്നെ ഗുണഭോക്താക്കളാണ് നിർമ്മാണം നടത്തുന്നത്. പ്രസ്തുത നിർമ്മാണങ്ങൾ എല്ലാം 2017 മാർച്ച് 31 ന് മുൻപായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) രാജീവ് ആവാസ് യോജന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്; പ്രസ്തുത പദ്ധതി പ്രകാരം പണി നടന്നു വരുന്ന വീടുകളുടെ അവസ്ഥ എന്താകുമെന്ന് വിശദമാക്കുമോ?

(ഡി) രാജീവ് ആവാസ് യോജന പദ്ധതി നിർത്തലാക്കിയിട്ടുണ്ട്. ചേരി വികസനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ മുൻ കേന്ദ്ര സർക്കാരിന്റെ കാലയളവിൽ ആവിഷ്ക്കരിച്ച പദ്ധതിയാണ് രാജീവ് ആവാസ് യോജന. എന്നാൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന പുതിയ മന്ത്രിസഭ, നയത്തിൽ മാറ്റം വരുത്തുകയും 2022-ഓടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ "പ്രധാനമന്ത്രി ആവാസ് യോജന" എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തു.

രാജീവ് ആവാസ് യോജന പദ്ധതി കാലയളവിൽ, കേന്ദ്ര അംഗീകാരം ലഭിച്ച 5 പദ്ധതികൾ (തിരുവനന്തപുരത്തെ മതിപ്പുറം, കൊച്ചിയിലെ തുരുത്തി, കൊല്ലത്തെ എസ്എംപി പാലസ്, തൃശൂർ നെല്ലങ്കര ലക്ഷം വീട്, കോഴിക്കോട് മാലൂർക്കുന്ന് ചേരികളുടെ വികസന പ്രവർത്തനങ്ങൾ) തുടരുന്നതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി കൾക്ക് കേന്ദ്ര സഹായവും ലഭ്യമാകും.

സെക്ഷൻ ഓഫീസർ